## മധുരമായ കുട്ടികളേ - വിവേകശാലിയായി ഓരോ കാര്യവും ചെയ്യൂ, മായ നിങ്ങളെക്കൊണ്ട് ഒരു പാപകർമ്മവും ചെയ്യിപ്പിക്കാതിരിക്കാൻ ശ്രദ്ധിക്കൂ

**ചോദ്യം:-** ബാബയുടെ പേര് പ്രശസ്തമാക്കാൻ ഏതൊരു ധാരണയുണ്ടാകണം?
**ഉത്തരം:-** ബാബയുടെ പേര് പ്രശസ്തമാക്കാൻ സത്യസന്ധരും വിശ്വസ്തരുമാകൂ. സത്യതയോടെ സേവനം ചെയ്യൂ. ഒഴുകുന്ന ഗംഗയായി സർവ്വർക്കും ബാബയുടെ സന്ദേശം നൽകികൊണ്ടിരിക്കൂ. തന്റെ കർമ്മേന്ദ്രിയങ്ങളുടെ മേൽ പൂർണ്ണമായ നിയന്ത്രണം വെച്ച്, ആശകളെ ഉപേക്ഷിച്ച് നിയമാനുസരണം മുന്നോട്ട് പോകൂ, അലസരാകാതിരിക്കൂ. ജ്ഞാനം - യോഗം ആദ്യം തന്നിൽ ധാരണ ചെയ്യൂ അപ്പോൾ ബാബയുടെ പേര് പ്രശസ്തമാക്കാൻ സാധിക്കും.

**ഗീതം:-** ഇന്നത്തെ മനുഷ്യർ....

**ഓം ശാന്തി**. ഭാരതത്തിന്റെ ഇന്നത്തെ അവസ്ഥ ഇതാണ്. ഒരു പാട്ടിൽ ഭാരതത്തിന്റെ വീണുപോയ അവസ്ഥയെക്കുറിച്ച് പാടുന്നു. പിന്നെ മറ്റൊരു പാട്ടിൽ ഭാരതത്തിന്റെ മഹിമ ചെയ്യുന്നു. ലോകത്തിലുള്ളവർക്ക് ഇക്കാര്യത്തെക്കുറിച്ച് അറിയില്ല. ഭാരതമായിരുന്നു 100 ശതമാനം വിവേകമുള്ളതായിരുന്നത് എന്നാൽ ഇപ്പോൾ 100 ശതമാനം അവിവേകിയായി. 2500 വർഷം 100 ശതമാനം വിവേകിയായിരുന്നു പിന്നീട് പൂർണ്ണമായും അവിവേകിയായി മാറുന്നു. അവിവേകിയാകാൻ പൂർണ്ണമായും അരകല്പം എടുക്കുന്നു. പൂർണ്ണമായും അവിവേകിയായവരെ പിന്നെ ഒരു ജന്മം കൊണ്ട് വിവേകിയാക്കുന്നത് ബാബയാണ്. ആരെങ്കിലും അവിവേകിയായി കാര്യം ചെയ്താൽ മനസ്സിനുള്ളിൽ കുത്തുന്നു, ചെയ്തുപോയ പാപം ഓർമ്മയിൽ വരുന്നു. ഇനി മനസ്സിലാക്കി കാര്യങ്ങൾ ചെയ്യണം. അറിവില്ലായ്മ കൊണ്ടുള്ള ഒരു കാര്യവും ഉണ്ടാകാതിരിക്കാൻ വളരെ ശ്രദ്ധിക്കണം. മായയുടെ യുദ്ധം ഇങ്ങനെയാണ്, അറിയാൻ പോലും സാധിക്കില്ല താൻ തെറ്റായ കാര്യമാണ് ചെയ്യുന്നതെന്ന്. കാമത്തിന്റെ പകുതി ലഹരിയുണ്ടാകുന്നു. ബാബാ, കൊടുങ്കാറ്റ് വരുന്നുവെന്ന് കുട്ടികൾ എഴുതുന്നു. കാമത്തിന്റെ കൊടുങ്കാറ്റ് കുറഞ്ഞതല്ല, പല പ്രകാരത്തിലുള്ള ലഹരി തലയെ ചൂടാക്കുന്നു. ബുദ്ധി ദേഹത്തിലേക്ക് പോകുന്ന രീതിയിൽ ദേഹത്തോട് സ്നേഹമുണ്ടാകുന്നു. യോഗം ശരിയായി ഇല്ലാത്തത് കാരണം അവസ്ഥ അപക്വമായിരിക്കുന്നു. അതുകൊണ്ട് പിന്നെ വളരെ നഷ്ടമുണ്ടാകുന്നു. ബാബയുടെ അടുത്ത് ഒരുപാട് റിപ്പോട്ടുകൾ വരുന്നുണ്ട്. വളരെ വലിയ കൊടുങ്കാറ്റാണ് വരുന്നത്. ലോഭവും വളരെ ബുദ്ധിമുട്ടിക്കുന്നു, അവർ നിയമവിരുദ്ധമായി പെരുമാറുന്നു. ആ സന്ന്യാസികളെപ്പോലെ നിങ്ങളും സന്ന്യാസികളാണ്. അവർ ഹഠയോഗികളാണ്, നിങ്ങൾ രാജയോഗികളാണ്. അവരും സംഖ്യാക്രമമനുസരിച്ചാണ്. ചിലർ തന്റെ കുടിലിൽ ഇരിക്കുന്നു, അവർക്ക് വേണ്ട ഭോജനം അവിടെ എത്തിച്ചേരുന്നു, ചിലർ യാചിച്ചും വാങ്ങുന്നു. വികാരങ്ങളെ സന്ന്യസിക്കുമ്പോൾ പവിത്രത മനുഷ്യരെ ആകർഷിക്കുന്നു. അതിലും സംഖ്യാക്രമമനുസരിച്ചാണ്. ഇവിടെയും ജ്ഞാന-യോഗ ബലത്തിന്റെ ശക്തി വേണം. യോഗത്തിൽ എത്രത്തോളം ഇരിക്കുന്നുവോ അത്രയും ഈ കാര്യങ്ങളെക്കുറിച്ച് ചിന്തിക്കേണ്ടിവരില്ല. യോഗമാണ് ആരോഗ്യത്തിന്റെ അടയാളം. പഴയ വികർമ്മങ്ങളുടെ കണക്ക് അനുഭവിക്കേണ്ടി വന്നാലും ആധാരം യോഗത്തിലാണ്. ഇന്ന വസ്തു വേണം.......... എന്നാകരുത്. സന്ന്യാസികൾ യാചിക്കാറില്ല. യോഗ ശക്തിയുണ്ട്. തത്ത്വയോഗിയിൽ ശക്തിയുണ്ട്. നഗ്നസന്ന്യാസിമാർ മരുന്നുകൾ ഉപയോഗിച്ച് ഇന്ദ്രിയങ്ങളെ നിയന്ത്രിക്കുന്നു. അത് കൃത്രിമമാണ്.

നിങ്ങളുടെ മുഴുവൻ അടിസ്ഥാനവും യോഗത്തിലാണ്. നിങ്ങളുടെ യോഗം ബാബയോടാണ് അതുകൊണ്ട് പദവിയും ഉയർന്നത് ലഭിക്കുന്നു. നിങ്ങളുടെ ദേവിദേവതാധർമ്മം വളരെ സുഖം നൽകുന്നതാണ്. അതിനുവേണ്ടി നിങ്ങൾക്ക് ശ്രീമത്ത് ലഭിക്കുന്നു. അവർക്ക് ഈശ്വരീയ നിർദ്ദേശം ലഭിക്കുന്നില്ല. നിങ്ങൾക്ക് ഈശ്വരൻ വന്ന് നിർദ്ദേശം നൽകുന്നു. എത്ര അളവറ്റ ആസ്തിയാണ് ലഭിക്കുന്നത്, 21 ജന്മങ്ങളിലേയ്ക്കുള്ള പ്രാപ്തിയാണ്. പരമപിതാ പരമാത്മാവ് വന്ന് പഠിപ്പിക്കുന്നു. എന്നാൽ കുട്ടികൾ അച്ഛനെയും മറന്നുപോകുന്നു. യോഗം പൂർണ്ണമായും മുഴുകിയാൽ ഈ ലോഭം, മോഹം തുടങ്ങി വികാരങ്ങൾ ബുദ്ധിമുട്ടിക്കില്ല. ഇന്നത് വേണം വേണമെന്നുള്ളത് വളരെയധികം പേരെ ബുദ്ധിമുട്ടിക്കുന്നു. പക്കാ സന്ന്യാസികൾക്ക് ഇങ്ങനെ വിചാരം വരില്ല. ഒരു കിളിവാതിലിലൂടെ എന്ത് ലഭിക്കുന്നുവോ അത് സ്വീകരിക്കുന്നു. അവർക്ക് കർമ്മേന്ദ്രിയങ്ങളുടെമേൽ പൂർണ്ണ നിയന്ത്രണമുണ്ടായിരിക്കും. അവർ ഒരിക്കലും മറ്റ് വസ്തുക്കൾ സ്വീകരിക്കില്ല. ചിലർ സ്വീകരിക്കുന്നു. ഇവിടെയും അങ്ങനെയാണ്. വാസ്തവത്തിൽ ഈശ്വരന്റെ ഭണ്ഡാരയിൽ നിന്ന് എന്താണോ നിയമാനുസൃതം ലഭിക്കുന്നത് അതുപയോഗിച്ച് മുന്നോട്ട് പോകുന്നതാണ്

ശരി. മനുഷ്യർക്ക് ഒത്തിരി ആശകൾ ഉണ്ടാകുന്നു. ആശ പൂർണ്ണമാകുന്നില്ലെങ്കിൽ അലസരാകുന്നു. ഇവിടെ സർവ്വരും സത്യസന്ധരും വിശ്വസ്തരുമാകണം. സർവ്വ ആശകളെയും ഇല്ലാതാക്കണം. നിങ്ങൾ കുട്ടികൾ വളരെ ശ്രേഷ്ഠാചാരിയാകണം.

കുട്ടികൾ പേര് പ്രശസ്തമാക്കുവാനായി ഓരോ പ്രകാരത്തിലുള്ള പുരുഷാർത്ഥം ബാബ ചെയ്യിപ്പിക്കുന്നു. ഒന്നാമതായി യോഗത്തിലിരിക്കണം കൂടാതെ ജ്ഞാനം ധാരണ ചെയ്ത് മറ്റുള്ളവരെ ചെയ്യിപ്പിക്കണം. ഗംഗ ഒഴുകണം, സത്യമായ യോഗം ഏതിനെയാണ് പറയുന്നതെന്ന് മനസ്സിലാക്കികൊടുക്കണം. ഭഗവാനാണ് സർവ്വരുടെയും അച്ഛൻ, കൃഷ്ണൻ ഗോഡ് ഫാദറല്ല. ഇപ്പോൾ ബാബ പറയുന്നു - എന്നെ ഓർമ്മിക്കു എങ്കിൽ ഞാൻ ശാന്തിയുടെയും സുഖത്തിന്റെയും ആസ്തി നൽകാം. എത്ര സഹജമായ കാര്യമാണ്. എന്തെങ്കിലുമൊക്കെ കുറവുകൾ ഉണ്ടെങ്കിൽ അവർക്ക് അമ്പ് തറയ്ക്കില്ല. സേവനം വളരെയധികമുണ്ട്. മനുഷ്യർക്ക് ശ്മശാനത്തിൽ സമയം കിട്ടാറുണ്ട്. കുട്ടികൾ വിവേകശാലിയാണെങ്കിൽ, സേവനത്തിൽ താൽപര്യമുള്ളവരാണെങ്കിൽ, ഒരു വികാരങ്ങളും ഇല്ലായെങ്കിൽ പോയി മനസ്സിലാക്കി കൊടുക്കാൻ സാധിക്കും. ഒരേയൊരു ബാബയെ ഓർമ്മിക്കു, ആ ബാബയിൽ നിന്ന് ഫലം അർത്ഥം ആസ്തി ലഭിക്കും എന്ന് നിങ്ങൾ മനസ്സിലാക്കികൊടുക്കണം. സന്യാസികൾ, ഹഠയോഗികൾ, ഗുരുക്കൻമാർ തുടങ്ങിയവർ എന്താണ് നൽകുന്നത്. അല്പകാല സുഖത്തിന്റെ പഠിപ്പാണ് അവർ നൽകുന്നത്. ബാക്കിയെല്ലാവരും ദു:ഖമാണ് നൽകുന്നത് എന്നാൽ ഈ ബാബ സദാ സുഖത്തിലേക്കുള്ള വഴി പറഞ്ഞു തരുന്നു. ഇപ്പോൾ ബാബ പറയുന്നു - എന്നെ ഓർമ്മിക്കു. വിനാശം മുന്നിലുണ്ട്, എന്നെ ഓർമ്മിച്ചാൽ സ്വർഗ്ഗത്തിന്റെ അധികാരിയാകാം. പവിത്രമായിരിക്കണം. ക്ഷണക്കത്തുകൾ നൽകണം. ഓരോ ദിനങ്ങൾ കഴിയുന്തോറും പോയിന്റുകൾ സഹജമാക്കി തരുന്നു. വലിയ-വലിയ പട്ടണങ്ങളിൽ ശ്മശാനത്തിൽ വളരെപേർ വരാറുണ്ട്. ശ്മശാനത്തിൽ സേവനം കൂടുതൽ ചെയ്യാൻ സാധിക്കും. കുട്ടികൾ പറയുന്നു ഞങ്ങൾക്ക് സമയമില്ല, ശരി അവധി എടുത്തു വരൂ. സേവനത്തിൽ വളരെ പ്രയോജനമുണ്ട്. വിനാശം ഉണ്ടാവുക തന്നെ ചെയ്യും. ഭൂമികുലുക്കം ഉണ്ടാകും, എല്ലാ ഡാമുകളും തകരും. വളരെയധികം ആപത്തുകൾ വരാൻ പോകുന്നു. ജ്ഞാനമുള്ളവർ നൃത്തം ചെയ്തുകൊണ്ടിരിക്കും. സേവനയുക്തരായ കുട്ടികൾ പിന്നീട് ഹനുമാനെപ്പോലെ സ്ഥിരതയോടിരിക്കും. ചിലർ ബോംബിന്റെ ശബ്ദം കേൾക്കുമ്പോഴേ മരിക്കും. ഹനുമാൻ ഒരാളുടെ ഉദാ ഹരണമാണ്, എന്നാൽ 108 പേർ ഇങ്ങനെ ശക്തിശാലികളായിരിക്കില്ലേ. സേവനത്തിലൂടെ ആ ശക്തി വരും. ബാബ പറയുന്നു കുട്ടികളേ സേവനം ചെയ്ത് ഉയർന്ന പദവി നേടൂ, പിന്നീട് പശ്ചാത്തപിക്കേണ്ടി വരരുത്. അതുകൊണ്ട് നേരത്തെ തന്നെ പറയുന്നു ഉയർന്ന പദവി നേടൂ. ആർക്കു വേണമെങ്കിലും മനസ്സി ലാക്കി കൊടുക്കാൻ വളരെ സഹജമാണ്. ക്ഷേത്രങ്ങളിൽ പോയും നിങ്ങൾക്ക് മനസ്സിലാക്കിക്കൊടു ക്കാൻ സാധിക്കും. ആരാണ് ഇവർക്ക് ഈ രാജ്യം നൽകിയത് ? പെട്ടെന്ന് പറയും ഭഗവാനാണ് നല്കിയ ത്. മനുഷ്യരോട് ചോദിക്കൂ നിങ്ങൾക്ക് ഈ ധനം ആരാണ് നൽകിയത്? ഉടൻ പറയും ഭഗവാനാണ്. ലക്ഷ്മീനാരായണന് ഈ ധനം എങ്ങനെയാണ് നൽകിയത് - ഇതും മനസ്സിലാക്കി കൊടുക്കണം. ബാബയെ അറിയുന്നതിലൂടെ നിങ്ങൾക്കും ആ പദവി നേടാൻ സാധിക്കും. വരൂ മനസ്സിലാക്കി തരാം അല്ലെങ്കിൽ ഇന്ന അഡ്രസിൽ വന്ന് മനസ്സിലാക്കൂ. ഇവിടെ പൈസയൊന്നും നൽകണ്ട. നിങ്ങൾ കുട്ടികളുടെ ബുദ്ധി യിൽ സർവ്വ രഹസ്യങ്ങളും ഉണ്ട്. ലക്ഷ്മീ - നാരായണന്, സീത-രാമന് ഈ രാജ്യം ആരാണ് നൽകിയത്? തീർച്ചയായും ഭഗവാനിൽ നിന്നാണ് ലഭിച്ചത്. സൂര്യവംശി ചന്ദ്രവംശി രാജധാനി സ്ഥാപിക്കപ്പെട്ടുകൊണ്ടി രിക്കുകയാണ്. നിങ്ങൾക്ക് സാക്ഷാത്കാരവും ലഭിച്ചിട്ടുണ്ട് - എങ്ങനെയാണ് ലക്ഷ്മിനാരായണൻ പിന്നീട് രാമൻ-സീതയ്ക്ക് രാജ്യം നൽകുന്നത്. ലക്ഷ്മി നാരായണൻ പിന്നീട് ഭഗവാനിൽ നിന്നു നേടുന്നു, മനസ്സി ലാക്കി കൊടുക്കാൻ സാധിക്കില്ലേ. കാര്യങ്ങൾ വളരെ സഹജവും മാധുര്യമുള്ളതുമാണ്. പറയൂ, പരമോ ന്നതൻ ബാബയല്ലേ. ആ പരമപിതാ പരമാത്മാവിനെ അറിയാമല്ലോ? ബാബ പറയുന്നു ബാബയെ മാത്രം ഓർമ്മിക്കൂ. കൃഷ്ണനെ ബാബ എന്നു വിളിക്കില്ല. കൃഷ്ണൻ കഴിഞ്ഞ ജന്മത്തിൽ ഈ രാജയോഗത്തിലൂ ടെയാണ് ഈ പദവി നേടിയത്. ഇങ്ങനെയുള്ള പോയിന്റ്സ് നോട്ട് ചെയ്യണം. പിന്നീട് മറക്കാൻ പാടില്ല. മനുഷ്യർ എന്തെങ്കിലും കാര്യം ഓർമ്മിക്കണമെങ്കിൽ തുണിയുടെ അറ്റം കെട്ടിയിടുന്നു. അതുപോലെ നിങ്ങളും രണ്ട് കാര്യങ്ങൾ കേൾപ്പിക്കൂ. അതായത്, ബാബ പറയുന്നു മൻമനാഭവ മദ്ധ്യാജി ഭവ. ബാബ നമ്മളോട് പറഞ്ഞിരിക്കുന്നു സർവ്വർക്കും സന്ദേശം കൊടുക്കൂ - സർവ്വ ധർമ്മാനി.....നിങ്ങൾ ഒറ്റയ്ക്കു വന്ന ആത്മാവായിരുന്നു- ഇങ്ങനെ പ്രദർശനിയിലൂടെ വളരെ സേവ ചെയ്യാൻ സാധിക്കും. ഇപ്പോൾ അച്ഛനായ എന്നെ ഓർമ്മിക്കൂ എങ്കിൽ വികർമ്മം വിനാശമാകും കൂടാതെ നിങ്ങൾ എന്റെയടുത്തേക്ക് എത്തിച്ചേരും. ഈ അന്തിമ ജന്മത്തിൽ പവിത്രമാകണം. അമരലോകത്തിലേക്ക് പോകണമെങ്കിൽ എന്നെ ഓർമ്മിക്കൂ. ഇത് മനസ്സിലാക്കിക്കൊടുക്കുവാനുള്ള ജോലി മാത്രം ചെയ്യൂ. അരകല്പം ഭക്തിയിൽ അലഞ്ഞു. ഈ ജന്മത്തിൽ ഈ സന്ദേശം സർവ്വർക്കും കൊടുക്കണം. ബാബ എന്താണ് പറയുന്നത് എന്ന് പെരുമ്പറ മുഴക്കണം. ബാബയുടെ സന്ദേശം നല്കണം. ബാബ പറയുന്നു എന്നെ ഓർമ്മിക്കൂ, കൂടുതൽ മനസ്സിലാ

ക്കണമെങ്കിൽ വന്നു മനസ്സിലാക്കൂ. നിങ്ങൾക്ക് വളരെ സേവനം ചെയ്യാൻ സാധിക്കും. സേവ ചെയ്യാനുള്ള സമ്പത്ത് സമയത്ത് കിട്ടിക്കൊള്ളും. ആഹാരം സ്വയം പാകം ചെയ്യണം. സേവനം ചെയ്യാൻ സാധിക്കും. സേവനത്തിന് വളരെ സാധ്യതകൾ ഉണ്ട്. എന്നാൽ ഭാഗ്യത്തിലില്ലെങ്കിൽ എന്തു ചെയ്യാൻ സാധിക്കും. നല്ല വരാണോ എന്ന് നോക്കുന്നു. ബാബ പറയുന്നു ശരി – ഞാൻ നിങ്ങൾക്ക് കിറ്റ് ബാഗ് ഉണ്ടാക്കി തരാം, ആർക്കെങ്കിലും കുറച്ചെങ്കിലും രഹസ്യം മനസ്സിലാക്കികൊടുക്കണം. ബാബ വന്നിരിക്കുന്നു ഭക്തിയുടെ ഫലം നൽകാൻ, പറയുന്നു കുട്ടികളേ ഇപ്പോൾ അശരീരിയായി തിരിച്ച് മടങ്ങണം അതുകൊണ്ട് എന്നെ ഓർമ്മിച്ച് മടങ്ങണം, എന്നെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ കർമ്മാതീത അവസ്ഥയുണ്ടാകും. ബാബ ഗ്യാരന്റി നൽകുന്നു നിങ്ങൾ സ്വർഗ്ഗത്തിന്റെ അധികാരിയാകും. വളരെ പേർക്ക് സന്ദേശം ലഭിക്കണം. സ്വന്തം ഗ്രാമത്തിൽ സേവനം ചെയ്യാൻ സാധിക്കും. അല്ലെങ്കിൽ പുറത്ത് പോയി ചെയ്യൂ. സേവനം ചെയ്യാനുള്ള ധനം സമയത്ത് ലഭിച്ചുകൊള്ളും. എന്തെങ്കിലും സേവനം ചെയ്തു കാണിക്കണം. ജോലി യിൽ ഇരുന്നാലും സേവനം വളരെ ചെയ്യാൻ സാധിക്കും. 8 മണിക്കൂർ വിശ്രമിക്കൂ എങ്കിൽപോലും വളരെ സമയമുണ്ട്. ഒരു മണിക്കൂർ സത്യതയോടെ സേവനം ചെയ്താലും വളരെ നല്ല പദവി നേടാൻ സാധിക്കും. നാലുപാടും ചുറ്റിക്കറങ്ങിക്കൊണ്ടിരുക്കൂ, എന്നാൽ ഇതിൽ നിർഭയത വേണം. ഞാൻ യാച കനല്ല എന്ന് അവർക്ക് ആദ്യം പറഞ്ഞുകൊടുക്കണം. ഞാൻ താങ്കൾക്ക് ഈശ്വരന്റെ വഴി പറഞ്ഞു തരാൻ വന്നിരിക്കുന്നു. ഞങ്ങൾക്ക് ആജ്ഞ ലഭിച്ചിട്ടുണ്ട് – ഒരു മിനിറ്റിന്റെ മഹാമന്ത്രം നൽകണം. ഇതാണ് സഞ്ജീവനി അമൃത്. ഞങ്ങൾ ബാബയുടെ സന്ദേശം നൽകാൻ വന്നിരിക്കുകയാണ്. ബാബ പറയുന്നു ബാബയെ മാത്രം ഓർമ്മിക്കൂ. സേവനം ധാരളമുണ്ട്. എന്നാൽ സ്വയം തന്നെ ഏതെങ്കിലും ദേഹാഭിമാന മുണ്ടെങ്കിൽ അമ്പ് കൊള്ളുകയില്ല. ബാബയോട് സത്യമായിരിക്കണം. മിത്ര-സംബന്ധികളെ ഓർമ്മിച്ച് കൊണ്ടിരിക്കരുത്. അത് വേണം, ഇത് വേണം.......നിങ്ങൾ ഒന്നും യാചിക്കരുത്. നിങ്ങൾ ആരിൽ നിന്നും ഒന്നും വാങ്ങാൻ പാടില്ല. മറ്റുള്ളവരുടെ കൈകൊണ്ട് ഉണ്ടാക്കിയത് കഴിക്കാൻ പാടില്ല. നാം നമ്മുടെ കൈകൾ കൊണ്ട് ഉണ്ടാക്കി കഴിക്കണം. സ്വന്തം കൈകൾ കൊണ്ട് ഉണ്ടാക്കി കഴിക്കുമ്പോൾ വളരെ ശക്തിയുണ്ടാകും. എന്നാൽ ഇത്ര പരിശ്രമം ആരും ചെയ്യുന്നില്ല. മായ വളരെ ബലവാനാണ്. ദേഹാഭിമാ നത്തിന്റെ രോഗം വളരെ ബുദ്ധിമുട്ടിക്കുന്നു. വളരെ പ്രയത്നിക്കണം യോഗത്തിലിരിക്കാൻ സാധിക്കുന്നി ല്ലയെങ്കിൽ ഉണ്ടാക്കുന്നത് തന്നെ ഉപേക്ഷിക്കുന്നു. ശരി യോഗത്തിലിരുന്ന് കഴിക്കാനെങ്കിലും സാധിക്കില്ലേ. ദേഹിയഭിമാനി അവസ്ഥ വർദ്ധിപ്പിക്കുവാനായി വളരെ പ്രയത്നിക്കണം. വലിയ സത്സംഗങ്ങളിൽ ഒരേ യൊരു കാര്യം പോയി മനസ്സിലാക്കി കൊടുക്കൂ – ഭഗവാന്റെ വാക്കുകൾ, എന്നെ മാത്രം ഓർമ്മിച്ചാൽ പിന്നെ സ്വർഗ്ഗത്തിലേക്ക് വരാൻ സാധിക്കും. ഭാരതം സ്വർഗ്ഗമായിരുന്നില്ലേ. വളരെ പരിശ്രമിക്കണം – വിശ്വത്തിന്റെ അധികാരിയാവുക, ഉയർന്ന പദവിയാണ്. പ്രജയിലേക്ക് വരുക എന്നത് വലിയ കാര്യമൊന്നു മല്ല. ശരി

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവു മായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഒരു കാര്യവും അറിവില്ലായ്മയോടെ ചെയ്യരുത് ഇതിനായി ജ്ഞാന യോഗത്തിന്റെ ബലം ശേഖരി ക്കണം. സമയം കണ്ടെത്തി സത്യതയോടെ നിർഭയതയോടെ തീർച്ചയായും സേവനം ചെയ്യണം. സേവ നത്തിലൂടെയാണ് ശക്തി ഉണ്ടാകുന്നത്.

2) ദേഹാഭിമാനത്തിന്റെ രോഗത്തിൽ നിന്നും രക്ഷപെടുന്നതിനായി ഭോജനം വളരെ യോഗയുക്തമായി രുന്നു കഴിക്കണം. തന്റെ കൈകൾ കൊണ്ട് ഉണ്ടാക്കി ശുദ്ധഭോജനം സ്വീകരിക്കാൻ സാധ്യമെങ്കിൽ ചെയ്യ ണം.

### വരദാനം:- സർവ്വ ആത്മാക്കളുടെയും അശുഭ ഭാവത്തെയും ഭാവനകളുടെയും പരി വർത്തനം ചെയ്യുന്ന വിശ്വ പരിവർത്തകരായി ഭവിക്കൂ

ഏതുപോലെയാണോ പനിനീർ പുഷ്പം ദുർഗന്ധമുള്ള വളത്തിൽ നിന്ന് സുഗന്ധം ധാരണ ചെയ്ത് സുഗന്ധമുള്ള പനിനീർ പുഷ്പമാകുന്നത്. ഇതുപോലെ താങ്കൾ വിശ്വ പരിവർത്തകരായ ശ്രേഷ്ഠ ആത്മാ ക്കളും അശുഭ, വ്യർത്ഥ, സാധാരണ ഭാവനയെയും ഭാവത്തെയും ശുഭ ഭാവത്തിലേക്കും ഭാവനയിലേക്കും

പരിവർത്തനപ്പെടുത്തൂ, അപ്പോൾ ബ്രഹ്മാ ബാബയ്ക്ക് സമാനം അവ്യക്ത ഫരിസ്തയാകുന്നതിന്റെ ലക്ഷണം സഹജവും സ്വതവേയും വരും. ഇതിലൂടെ മാലയുടെ മുത്ത്, മുത്തിന് സമീപം വരും.

## സ്ലോഗൻ:-അനുഭവീ സ്വരൂപമാകൂ എങ്കിൽ മുഖത്തിലൂടെ ഭാഗ്യത്തിന്റെ തിളക്കം കാണപ്പെടും.

**ലൗലീന സ്ഥിതിയുടെ അനുഭവം ചെയ്യൂ :** ബാപ്ദാദയ്ക്ക് കുട്ടികളോട് ഇത്രയും സ്നേഹമുണ്ട് ബാബ മനസ്സിലാക്കുന്നത് ഓരോ കുട്ടിയും എന്നെക്കാളും മുന്നിലാകണം. ലോകത്തിലും ആരോടാണോ കൂടുതൽ സ്നേഹമുള്ളത് അവരെ തന്നെക്കാളും മുന്നോട്ട് നയിക്കുന്നു. ഇതാണ് സ്നേഹത്തിന്റെ അടയാളം. ബാപ്ദാദയും പറയുന്നു എന്റെ കുട്ടികളിൽ ഇപ്പോൾ ഒരു കുറവും ഉണ്ടായിരിക്കരുത്, എല്ലാവരും സമ്പൂർണ്ണരും, സമ്പന്നരും, സമാനരുമാകണം.